The number of Anglo Indian students in Upper Primary and High School classes who are recipients of scholarships during 1985-86 granted as per G.O. (Ms.) 161/85/G1. Edn. dt. 24-7-1985.

Answer

Upper Primary Classes	:	9
High School Classes	:	8
Total		17

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തസ്തിക

82. [131] [ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയുന്നതു ശരിയാണോ ; എങ്കിൽ എന്നുമുതൽ ;

(ബി) ഇതിനു കാരണം എന്താണെന്നു വ്യക്തമാക്കാമോ ;

(സി) പുതിയ ഡയറക്ടറെ നിയമിക്കുന്നതിനു വേണ്ട നടപടികൾ ഉടനെ സ്വീകരിക്കുവാൻ സർക്കാർ നടപടികളെടുക്കുമോ ?

ഉത്തരം

(എ, ബി & സി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ.ഗോപാലനെ മറ്റൊരു തസ്തികയിൽ നിയമിച്ചതുകൊണ്ട് 20-12-1985 മുതൽ ഡയറക്ടറുടെ ചുമതലകൾ അഡീഷണൽ ഡയറക്ടർ നിർവഹിക്കുന്നു. അധികം താമസിക്കാതെ പുതിയ ഡയറക്ടറെ നിയമിക്കുന്നതാണ്.

പട്ടിക വർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ സ്ഥലം മാറ്റം

83. [132] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരായ എല്ലാപേർക്കും മലബാർ സർവ്വീസ് നിർബന്ധിതമാണോ ; ആണെങ്കിൽ എത്ര വർഷം ;

(ബി) അഞ്ച് വർഷത്തിലധികം മലബാർ സർവ്വീസ് ഉള്ളതും പട്ടികജാതി പട്ടികവർഗ്ഗക്കാരായതുമായ എത്ര ഹൈസ്കൂൾ അസിസ്റ്റന്റുമാരെ ഈ അദ്ധ്യയനവർഷത്തിൽ കാസർകോടുജില്ലയിൽനിന്ന് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട് ;

(സി) അതിൽ എത്ര ഹിന്ദി അദ്ധ്യാപകർ ഉണ്ട് ;

(ഡി) സംസ്ഥാന സർവ്വീസിലുള്ള വിവാഹിതരായ ദമ്പതികൾക്ക് ഒരേ സ്ഥലത്തേക്ക് സ്ഥലം മാറ്റം നല്കുന്നതിന് ഉതകുന്ന ഗവൺമെന്റ് ഉത്തരവുകൾ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൽ സ്ഥലമാറ്റകാര്യത്തിൽ പട്ടികജാതി വിഭാഗത്തിന് മുൻഗണന നല്കുന്ന ഉത്തരവ് ഉണ്ടോ ;

(എഫ്) അതനുസരിച്ച് ഏതെങ്കിലും ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഈ അദ്ധ്യയനവർഷം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നല്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അഞ്ചു വർഷത്തിലധികം മലബാർ സർവ്വീസ് ഉള്ളവരും പട്ടികജാതി പട്ടികവർഗ്ഗക്കാരുമായ സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപക ദമ്പതികൾക്ക് അവരാവശ്യപ്പെടുന്ന സ്ഥലത്തേക്ക് സ്ഥലംമാറ്റം കൊടുക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം വകുപ്പ് അധികാരികൾക്ക് നല്കുമോ ?

ഉത്തരം

(എ) നിർബന്ധം ഇല്ല.

(ബി) രണ്ട്.

(സി) എച്ച്. എസ്. എ. 1
പി. ഡി. അദ്ധ്യാപകൻ 1

(ഡി) കഴിയുന്നത്ര ഒരേ സ്ഥലത്ത് നിയമിക്കണമെന്ന് ഉത്തരവുണ്ട്.

[ജി. ഒ. (എം. എസ്.) 459/80/ ജി. എ. ഡി. തീയതി 3-10-1980.]

(ഇ) സ്ഥലം മാറ്റകാര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കഴിയുന്നത്ര സൗകര്യപ്രദമായ സ്ഥലങ്ങളിൽ കൊടുക്കുവാൻ നിർദ്ദേശമുണ്ട്.

(എഫ്) ഇല്ല.

(ജി) ഭരണപരമായ സൗകര്യത്തിനനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാരായ അദ്ധ്യാപക ദമ്പതികൾക്ക് അവരാവശ്യപ്പെടുന്ന സ്ഥലത്തേയ്ക്ക് കഴിയുന്നത്ര സ്ഥലം മാറ്റം നൽകുന്നതിനുള്ള ഉത്തരവ് നിലവിലുണ്ട്.

ജി. ഒ. എം. എസ്. 459/80/ ജി. എ. ഡി. തീയതി 3-10-1980.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി അനുസരിച്ച് കണ്ണൂർ ജില്ലയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ

84. [133] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി അനുസരിച്ച് 1978-ൽ കണ്ണൂർ ജില്ലയിൽ നിയമിക്കപ്പെടുകയും തുടർന്ന് കാസർകോട് ജില്ല രൂപീകരിച്ചപ്പോൾ ആ ജില്ലയിൽപ്പെടുകയും ചെയ്ത എത്ര ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക് ഇനിയും അവരുടെ പ്രൊബേഷൻ കംപ്ലീറ്റ് ചെയ്തതായി പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട് ;

(ബി) ഈ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ എത്ര ഹിന്ദി അദ്ധ്യാപകരുണ്ട് ;

(സി) ഈ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള കാലതാമസത്തിന്റെ കാരണമെന്ത് ;

(ഡി) ഈ കാലതാമസം ഒഴിവാക്കി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly